**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1133** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം-പെരുമ്പാൻകുത്ത് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം-പെരുമ്പാൻകുത്ത് റോഡ് (പഴയ ആലുവ-മൂന്നാർ രാജപാത) പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ കോതമംഗലം-മുതൽ പെരുമ്പാൻ കുത്ത് വരെയുള്ള ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാണോ; എത്ര കിലോമീറ്റർ ദൂരമാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്നത്; വ്യക്തമാക്കാമോ; | (ബി) | ആണ്.ആദ്യ ഭാഗത്ത് കോതമംഗലം മുതൽ ചേലാട് വരെ (0/000 മുതൽ 4/700വരെ) നിലവിലുള്ള ബി.സി ഓവർലേ ചെയ്യുന്നതിന് പണികൾ ടെണ്ടർ ചെയ്ത് കരാർ നൽകി പണികൾ നടന്നു വരികയാണ്. ചേലാട്ടു മുതൽ പുന്നേക്കാട് ജംഗ്ഷൻ വരെ (4/700 മുതൽ 8/700വരെ)ബി,സി.ഉപരിതലം പുതുക്കുന്നതിന് കരാർ നൽകി മറ്റൊരു പണിയും നടന്നു വരുന്നുണ്ട്.പുന്നേക്കാട് ജംഗ്ഷൻ മുതൽ തട്ടേക്കാട് പാലം വരെ (8/700 മുതൽ 11/300വരെ) നിലവിൽ പ്രവർത്തികൾ ഇല്ല.തട്ടേക്കാട് മുതൽ കുട്ടമ്പുഴ (ചെയി-11/300 മുതൽ 19/000വരെ) ഉള്ള ഭാഗം കിഫ്ബിയിൽ ഉൾപ്പെടുത്തി നവീകരിച്ച പൂർത്തീകരിച്ചു വരുന്നു.കുട്ടമ്പുഴ മുതൽ പൂയംകുട്ടി ചപ്പാത്ത് വരെ (ചെയി-19/000,29/700വരെ)ബിഎം&ബിസി 8 വർഷം മുമ്പ് ചെയ്തിട്ടുള്ളതാണ്.നിലവിൽ നിരത്ത് 29/700 വരെ സഞ്ചാരയോഗ്യമാണ്. പൂയംകുട്ടിമുതൽ പെരുമ്പൻകുത്ത് വരെയുള്ള വനത്തിലൂടെയുള്ള റോഡ് വനം വകുപ്പ് അടച്ചിരിക്കുകയാണ്.ടി പത്തു കിലോമീറ്റർ റോഡ് കച്ചാറോഡ്(മൺപാത )ആണ്.കോതമംഗലത്തു നിന്ന് പെരുമ്പൻകുത്തു വരെ 40കിമീ റോഡ് പൊതു മരാമത്തുവകുപ്പിന്റേതാണ് എങ്കിലും പൂയംകുട്ടിമുതൽ 10കിമീ റോഡ് വനംവകുപ്പ് അടച്ചിരിക്കുന്നതിനാൽ ഗതാഗതയോഗ്യമല്ല. |
| (സി) | 1924ലെ വെള്ളപ്പൊക്കത്തിൽ (99ലെ വെള്ളപ്പൊക്കം) കരിന്തിരിമല ഇടിഞ്ഞ് റോഡ് സഞ്ചാരയോഗ്യമല്ലാതായി തീർന്നശേഷം നാളിതുവരെ പുനർ നിർമ്മാണം സാധ്യമായിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മലയിടിഞ്ഞതുകാരണമാണ് റോഡ് സഞ്ചാരയോഗ്യമല്ലാതായത്.വനം വകുപ്പ് ടി ഭാഗം അടച്ചതിനാൽ ടി റോഡ് പുനർനിർമ്മിക്കാനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും |

| | | | |
|---|---|---|---|
| | എന്തുകൊണ്ടാണ് നാളിതുവരെയായി റോഡ് പുനർനിർമ്മിക്കാത്തതെന്ന് വിശദമാക്കാമോ; | | തദ്വാരാ ഡി.പി.ആർ തയ്യാറാക്കുന്നതിനും നാളിതുവരെ കഴിഞ്ഞിട്ടില്ല. |
| (ഡി) | പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഈ റോഡ് തുറക്കണമെന്നു കാണിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.അതിന്റെ അടിസ്ഥാനത്തിൽ ടി റോഡ് വികസനം സംബന്ധിച്ച ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ പ്രാരംഭനടപടികൾ വനംവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത റോഡ് പുനർ നിർമ്മിച്ചാൽ വളരെ ദൂരക്കുറവിലും, കുത്തനെയുള്ള കയറ്റിറക്കങ്ങളോ കൊടും വളവുകളോ ഇല്ലാതെ എളുപ്പത്തിൽ മൂന്നാറിലേക്ക് എത്തിച്ചേരുവാൻ കഴിയുന്നതോടൊപ്പം കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനും സഹായകരമാകുമെന്നതിനാൽ അടിയന്തരമായി റോഡ് പുനർ നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഈ റോഡ് തുറക്കണമെന്നു കാണിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.അതിന്റെ അടിസ്ഥാനത്തിൽ ടി റോഡ് വികസനം സംബന്ധിച്ച ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ പ്രാരംഭനടപടികൾ വനംവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ